**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 86** **12-01-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്ക് നോർക്ക ചെയ്ത സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സി . ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഗൾഫ് രാജ്യങ്ങളിൽ കോവിഡ് ബാധ മൂലം ജോലി നഷ്ടപ്പെടുകയും ബുദ്ധിമുട്ടിലാകുകയും ചെയ്ത പ്രവാസികൾക്ക് നോർക്ക എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ്-19 പശ്ചാത്തലത്തിൽ ഗൾഫ് രാജ്യങ്ങളിൽ ജോലി നഷ്ടപ്പെടുകയും ബുദ്ധിമുട്ടിലാകുകയും ചെയ്ത പ്രവാസികൾക്ക് നോർക്ക ലഭ്യമാക്കിയിട്ടുള്ള സഹായങ്ങൾ ചുവടെ വിശദീകരിക്കുന്നു I) 2020 ജനുവരി 1-നോ, അതിന് ശേഷമോ വിദേശ രാജ്യങ്ങളിൽ നിന്നും സാധുതയുള്ള പാസ്പോർട്ട്, ജോബ് വിസ എന്നിവയോടെ നാട്ടിലെത്തിയ പ്രവാസികളിൽ, ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെ പോകാൻ സാധിക്കാത്തവർക്കും, ഈ കാലയളവിൽ വിസ കാലാവധി അധികരിച്ച വർക്കും 5000/- രൂപ വീതം അടിയന്തിര ധനസഹായവും, നാട്ടിലെത്തിയവരിൽ കോവിഡ് ബാധിതരായവർക്ക് 'സാന്ത്വന പദ്ധതി' മുഖാന്തിരം 10,000/- രൂപ വീതം ചികിത്സാധനസഹായവും നൽകി. ഈ ആവശ്യത്തിനായി സർക്കാർ നിലവിൽ 57.5 കോടി രൂപ ചെലവഴിക്കുകയും, അധികമായി 25 കോടി രൂപ കൂടി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് . ii) കേരള പ്രവാസി കേരളീയക്ഷേമ ബോർഡ് മുഖാന്തിരം, ക്ഷേമനിധി പെൻഷൻകാർക്ക് 1,000/- രൂപ വീതം ഒറ്റതവണ ധന സഹായവും, കോവിഡ് പോസിറ്റിവ് ആയിട്ടുള്ള അംഗങ്ങൾക്ക് 10,000/- രൂപ വീതം ധനസഹായവും ലഭ്യമാക്കുകയും, ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് 21.11.2020 വരെ പലിശയും, പിഴപ്പലിശയും ഒഴിവാക്കി മുടങ്ങിയ അംശദായം അടക്കു ന്നതിനുള്ള അവസരം നൽകുകയും ചെയ്തു. III) പ്രവാസികളുടെ പരാതികൾ സ്വീകരിക്കുന്നതിനും, ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ കോവിഡ് റെസ്പോൺസ് സെല്ലും, പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ സംവിധാനങ്ങൾ സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | സജ്ജമാക്കുന്നതിനായി നോർക്ക രജിസ്ട്രേഷൻ സംവിധാനവും ഏർപ്പെടുത്തി. iv) നോർക്ക രജിസ്ട്രേഷനിൽ രജിസ്റ്റർ ചെയ്ത വിദേശത്തുള്ള മലയാളികൾക്ക് നാട്ടിലേയ്ക്ക് മടങ്ങുന്നതിനായി വന്ദേഭാരത് മിഷൻ/ ചാർട്ടേഡ് വിമാനങ്ങളിൽ വിമാന യാത്ര ടിക്കറ്റ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും, ഇതരസംസ്ഥാനങ്ങളിൽ അകപ്പെട്ടവരെ എത്തിക്കുന്നതിനായി ട്രെയിൻ സർവ്വീസുകൾ നടത്തുകയും ചെയ്തു. v) ലോക കേരള സഭാംഗങ്ങളുടെയും, മലയാളി സംഘടനകളുടെയും, സഹായ ത്തോടെ 14 വിദേശരാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ചു . vi) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസവും, സംസ്ഥാനത്തിന്റെ സമഗ്രവികസനവും ഉറപ്പാക്കുന്നതിനായി നിലവിലുള്ള ക്ഷേമപദ്ധതികൾ പരിഷ്ക്കരിക്കുന്ന തിനും, പുതിയ ആശയങ്ങൾ ആവിഷ്ക്കരിക്കുന്ന തിനുമായി 'ഡ്രീം കേരള' എന്ന പേരിൽ വിപുലമായ ഒരു പദ്ധതി രൂപീകരിച്ചു. vii) തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെയും, തൊഴിൽ നൽകുവാൻ സന്നദ്ധരായ തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിനായി നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു . viii) നോർക്ക ഡിപ്പാർട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM )എന്ന പദ്ധതിയിൽ, കോവിഡ് പശ്ചാത്തലത്തിൽ തിരികെയെത്തിയ പ്രവാസികൾക്ക് പ്രത്യേക ഉപഭോക്താക്കൾ എന്ന പരിഗണന നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിന് വേണ്ട സഹായങ്ങൾ ലഭ്യമാക്കി. പ്രസ്തുത പദ്ധതി പ്രകാരം 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 3% പലിശ സബ്സിഡിയും (പരമാവധി 3 ലക്ഷം), 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട് . ix) പ്രവാസികൾക്ക് ഡോക്ടർമാരുമായി കൺസൾട്ട് ചെയ്യുന്നതിനായി ഓൺലൈൻ/ ടെലികൗൺസിലിംഗ് സേവനങ്ങളും, പ്രവാസികൾക്ക് വേണ്ട അവശ്യ മരുന്നുകൾ കുറഞ്ഞ ചെലവിൽ എത്തിക്കുന്നതിനായി കൊറിയർ, കാർഗോ സംവിധാനവും ഏർപ്പെടുത്തി. |
| (ബി) | തിരിച്ചുവരുന്ന പ്രവാസികൾക്ക് ക്വാറന്റൈനിൽ കഴിയുന്നതിനായി 2.5 ലക്ഷം ബെഡ്ഡുകൾ നീക്കിവച്ചിട്ടുണ്ടെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ; | (ബി) | തിരിച്ചുവന്ന പ്രവാസികൾക്ക് ക്വാറന്റൈനിൽ കഴിയുന്നതിനായി ആവശ്യമനുസരിച്ച് ബെഡ്ഡുകൾ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആർക്കും ബെഡ്ഡുകൾ കിട്ടാതെ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കോവിഡ് മൂലം ബുദ്ധിമുട്ടിയ പ്രവാസികൾക്ക് ലോക കേരളസഭ എന്തൊക്കെ സഹായങ്ങളാണ് എത്തിച്ചത്; പ്രവാസികളെ നാട്ടിലെത്തിക്കുവാൻ പ്രത്യേക ചാർട്ടേഡ് വിമാനങ്ങൾ ലോക കേരളസഭയുടെ ആഭിമുഖ്യത്തിൽ ഒരുക്കിയിരുന്നോ; | (സി) | വിദേശരാജ്യങ്ങളിലുള്ള പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി ലോക കേരള സഭാംഗങ്ങളുടെയും, മലയാളി സംഘടനകളുടെയും, സഹായത്തോടെ യു.എ.ഇ, ഒമാൻ, കുവൈറ്റ്, ബഹ്റൈൻ, ഖത്തർ, സൗദി അറേബ്യ, യു.എസ്.എ, മലേഷ്യ, മൊസാംബിക്ക്, സാംബിയ, വെസ്റ്റ് ഇൻഡീസ്, ബോട്ട്സ്വാന, ജർമ്മനി, നോർവ്വെ, ഇൻഡോനേഷ്യ, അയർലൻഡ്, കാനഡ എന്നീ 14 രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ചു. പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനായി ലോക കേരളസഭയുടെ ആഭിമുഖ്യത്തിൽ പ്രത്യേക ചാർട്ടേഡ് വിമാനങ്ങൾ ഒരുക്കിയിരുന്നില്ല. |
| (ഡി) | എങ്കിൽ എത്ര ചാർട്ടേഡ് വിമാനങ്ങളാണ് ഒരുക്കിയതെന്നും ഇതിലൂടെ എത്രപേർക്ക് സഹായം എത്തിക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ? | (ഡി) | വിദേശരാജ്യങ്ങളിലുള്ള പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി ലോക കേരള സഭാംഗങ്ങളുടെയും, മലയാളി സംഘടനകളുടെയും, സഹായത്തോടെ യു.എ.ഇ, ഒമാൻ, കുവൈറ്റ്, ബഹ്റൈൻ, ഖത്തർ, സൗദി അറേബ്യ, യു.എസ്.എ, മലേഷ്യ, മൊസാംബിക്ക്, സാംബിയ, വെസ്റ്റ് ഇൻഡീസ്, ബോട്ട്സ്വാന, ജർമ്മനി, നോർവ്വെ, ഇൻഡോനേഷ്യ, അയർലൻഡ്, കാനഡ എന്നീ 14 രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ചു. പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനായി ലോക കേരളസഭയുടെ ആഭിമുഖ്യത്തിൽ പ്രത്യേക ചാർട്ടേഡ് വിമാനങ്ങൾ ഒരുക്കിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ